"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - വട്ടച്ചിറ ആദിവാസി കോളനിയിലെ സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ ലഭിച്ച വരുമാനത്തിന്റെ നിശ്ചിത അനുപാതം കർഷകർക്കും കോളനിയുടെ സമഗ്ര വികസനത്തിനുമായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.123/2020/വനം   തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 26.04.2011 - ലെ സ.ഉ (എം.എസ്) നം.32/2001/വനം നമ്പർ ഉത്തരവ്.

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻ ഡ് & റിസോഴ്സസ്) ന്റെ 13/09/2017, 22/01/2019, 04/01/2020 തീയതികളിലെ പ്രൊ (8)-4283/07 നമ്പർ കത്ത്.

3 17/11/2017 ലെ ആദിവാസി പുനരധിവാസ വികസന മിഷന്റെ നിവേദനം.

4 13/06/2019 ൽ ബഹു വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം.

5 24/02/2020 ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/825/2018-LIO നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് വനം ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിലെ വട്ടച്ചിറ ഭാഗത്ത് ആദിവാസി പുനരധിവാസത്തിനായി ആദിവാസി പുനരധിവാസ വികസന മിഷൻ വഴി വി. എഫ്. സി. നമ്പർ 128-ൽ പെടുന്ന സർവ്വെ നമ്പർ 163- ൽ നിന്ന് 4/8/1980 ൽ 54.70 ഹെക്ടർ സ്ഥലവും റീ സർവെ നമ്പർ 15/എ യിലെ 40.886 ഹെക്ടർ സ്ഥലവും ആദിവാസികൾക്ക് നിബന്ധനകളോടെ പതിച്ച നൽകിയിരുന്നു. പ്രസ്തുത പ്രദേശത്ത് വട്ടച്ചിറ ആദിവാസി കോളനിയിലെ കർഷകർ നട്ടുവളർത്തിയ സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ ലഭിച്ച വരുമാനത്തിന്റെ നിശ്ചിത അനുപാതം കർഷകർക്കും കോളനിയുടെ സമഗ്ര വികസനത്തിനുമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.

സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റ വകയിൽ സർക്കാരിൽ ലഭിച്ച ആകെ വരുമാനത്തിന്റെ (66,23,000/-രൂപ, അറുപത്തിയാറ് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) 80% (4:1 അനുപാതം) ആയ 52,98,400/- രൂപ (അമ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാനൂറ് രൂപ മാത്രം) വട്ടച്ചിറ ആദിവാസി കോളനിയിലെ കർഷകർക്കും കോളനിയുടെ സമഗ്ര വികസനത്തിനുമായി ഉപയോഗിക്കാമെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), പരാമർശം (2) പ്രകാരം, ശുപാർശ ചെയ്തിരുന്നു.

പരാമർശം (4) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വട്ടച്ചിറ ആദിവാസി കോളനിയിലെ സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റപ്പോൾ ലഭിച്ച വരുമാനത്തിന്റെ 80% അവിടുത്തെ കർഷകർക്കും കോളനിയുടെ സമഗ്ര വികസനത്തിനുമായി ഉപയോഗിക്കാമെന്നും, 20% വനം വകുപ്പിന് ഉപയോഗിക്കാമെന്നും, പരാമർ ശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, പൊതു സ്ഥലങ്ങളിലെ പ്ലാന്റേഷനുകളിൽ സോഷ്യൽ ഫോറസ്റ്റി വിഭാഗം അനുവർത്തിച്ച് വരുന്ന 1 : 4 അനുപാതത്തിൽ വനം വകുപ്പ് സ്ഥാപനങ്ങളുമായി പങ്കുവയ്ക്കുന്ന പ്രൊഫിറ്റ് ഷെയറിംഗ് റേഷ്യോ ഇക്കാര്യത്തിലും

സ്വീകരിക്കുവാനും തീരുമാനമായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, വട്ടച്ചിറ ആദിവാസി കോളനിയിലെ സിൽവർ ഓക്ക് മരങ്ങൾ മുറിച്ച് വിറ്റ വകയിൽ സർക്കാരിൽ ലഭിച്ച വരുമാനത്തിന്റെ ആകെ തുകയായ 66,23,000/- രൂപയുടെ (അറുപത്തിയാറ് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) 80% ആയ (4 : 1 അനുപാതം) 52,98,400/- രൂപ (അമ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാനൂറ് രൂപ മാത്രം) വട്ടച്ചിറ ആദിവാസി കോളനിയിലെ കർഷകർക്കും കോളനിയുടെ സമഗ്ര വികസനത്തിനുമായി ഉപയോഗിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക, സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും നീക്കം ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള 2406-01-105-99 എന്നുള്ള ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും കോഴിക്കോട് ജില്ലാ കളക്ടറിന് അനുവദിച്ച് നൽകുന്നതിനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്.

ആദിവാസി പുനരധിവാസ വികസന മിഷൻ, 5 -ാം നില, വികാസ് ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വന്യജീവി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്

വനം വന്യജീവി (പി എസ്) വകുപ്പിന്